Uncorrected / Not for Publication

## സബ്മിഷൻസ്

### നരിക്കുനി കേന്ദ്രീകരിച്ച് സബ് ട്രഷറി

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ: സർ, കൊടുവള്ളി നിയോജകമണ്ഡലത്തിലെ നരിക്കുനി ആസ്ഥാനമായി ഒരു സബ് ട്രഷറി അനുവദിക്കുന്നത് സംബന്ധിച്ചാണ് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. കോഴിക്കോട് ജില്ലയിൽപ്പെട്ട നരിക്കുനി–മടവൂർ–കാക്കൂർ–ചേളന്നൂർ–കുരുവട്ടൂർ എന്നീ പഞ്ചായത്തുകളുടെ കേന്ദ്രീകരണ സ്ഥലമാണ് നരിക്കുനി. ഈ പഞ്ചായത്തുകളിൽ ഏകദേശം നൂറിലധികം സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം ഈ പരിധിയിൽ നിന്ന് റിട്ടയർ ചെയ്തിട്ടുള്ള ഏകദേശം 1500–ഓളം വരുന്ന ജീവനക്കാരുടെ പെൻഷൻ, 1400–ഓളം എസ്.ബി. അക്കൗണ്ടുള്ള ആളുകൾ മറ്റു ദൈനംദിന കാര്യങ്ങൾക്കായി ബാലുശ്ശേരി കൊടുവള്ളി കോഴിക്കോട് എന്നീ ട്രഷറികളിലായി കിലോമീറ്ററുകളോളം യാത്ര ചെയ്യേണ്ടിവരുന്നുണ്ട്. പെൻഷനേഴ്സും മറ്റും പല പ്രയാസങ്ങളും അനുഭവിക്കുന്നുണ്ട്. ജനസമ്പർക്ക പരിപാടിയിലും ജനപ്രതിനിധികളുടെ യോഗത്തിലും ജീവനക്കാരുടെ സംഘടനാ തലത്തിലും ഗ്രാമപഞ്ചായത്തുകളും ഇതു സംബന്ധമായ ആവശ്യകത ചർച്ച ചെയ്യുകയും ബഹുമാന്യനായ മുഖ്യമന്ത്രിയുടെയും ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി, അങ്ങയുടെയും ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിരുന്നു. അതനുസരിച്ച് അങ്ങ് നിർദ്ദേശിച്ച പ്രകാരം ട്രഷറി ഡിപ്പാർട്ട്മെന്റ് അന്വേഷണം നടത്തി

റിപ്പോർട്ട് തയ്യാറാക്കിയതായി അറിയുന്നു. ട്രഷറി അനുവദിക്കുന്ന പക്ഷം ആവശ്യമായ കെട്ടിടവും മറ്റ് സൗകര്യങ്ങളും ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിത്തരും. വളരെക്കാലമായിട്ടുള്ള ഈ ജനകീയ ആവശ്യം അനുഭാവപൂർവ്വം പരിഗണിച്ച് നരിക്കുനിയിൽ ഒരു സബ് ട്രഷറി അനുവദിക്കാൻ വേണ്ട നടപടി അങ്ങ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, നരിക്കുനി ആസ്ഥാനമാക്കി ഒരു സബ് ട്രഷറി തുടങ്ങുന്നത് സംബന്ധിച്ച ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. പുതുതായി സബ് ട്രഷറി അനുവദിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. മാനദണ്ഡങ്ങൾ തയ്യാറാക്കിയതിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ നരിക്കുനിയിൽ പുതിയ സബ് ട്രഷറി ആരംഭിക്കണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്.

**മൾട്ടിലെവൽ മാർക്കറ്റിംഗ് മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ**

ശ്രീ. എളമരം കരീം: സർ, മൾട്ടി ലെവൽ മാർക്കറ്റിംഗ് മേഖലയിലെ ചില പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ട് തൊഴിലാളികൾ ഇന്ന് നിയമസഭാ മാർച്ച് നടത്തുന്നുണ്ട്. ഈ മേഖല ഇന്ന് രാജ്യമാകെ വികസിച്ചുവരുന്ന ഒരു വ്യാപാര മേഖലയാണ്. സംസ്ഥാന വ്യവസായ-വാണിജ്യ വകുപ്പ് ഒരു ഗൈഡ്ലൈൻ ഇത് സംബന്ധിച്ച് ഇറക്കുകയുണ്ടായി. മണിച്ചെയിൻ തട്ടിപ്പ് തടയുന്നതിനും മൾട്ടിലെവൽ മാർക്കറ്റിംഗ് ഡിഫൈൻ ചെയ്യുന്നതിനും ഗൈഡ്ലൈനിൽ ശ്രദ്ധിച്ചിട്ടുണ്ട്. പക്ഷേ ഒരു നിയമത്തിന്റെ അഭാവത്തിൽ അതിർവരമ്പുകൾ നിർണ്ണയിച്ചുപോകുന്നതിന് പ്രയാസമുള്ളതുകൊണ്ട് പല തരത്തിലുള്ള ഇടപെടലുകൾ ഈ മേഖലയെ വലിയ തോതിൽ വിഷമിപ്പിക്കുന്നുണ്ട്. അതിന് ഇരയാകുന്നത് സെയിൽസ് പ്രൊമോട്ടേഴ്സായ തൊഴിലാളികളാണ്. അതുകൊണ്ട് മൾട്ടിലെവൽ മാർക്കറ്റിംഗ് സംബന്ധമായ ഒരു നിയമ നിർമ്മാണം അടിയന്തിരമായി സർക്കാർ നടത്തേണ്ടതാണ് എന്ന പ്രശ്നമാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഗൈഡ്ലൈൻ ഉള്ളത് അല്പം സംരക്ഷണമാണെങ്കിലും വ്യക്തമായ ഒരു സംരക്ഷണത്തിന് ഇത് അത്യന്താപേക്ഷിതമാണ്. അക്കാര്യം ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബിജോൺ): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെതന്നെ ഇത് തൊഴിൽ വകുപ്പിന്റെ അധികാര പരിധിയിൽ വരുന്നതല്ല. പലപ്പോഴും

മൾട്ടിലെവൽ മാർക്കറ്റിംഗ് മേഖലയിൽ ജോലി ചെയ്യുന്നവരും അവർക്ക് വില്പന വസ്തുക്കൾ കൈമാറുന്നവരും തമ്മിൽ ഒരു തൊഴിലാളി തൊഴിലുടമ ബന്ധം ഇല്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. മണിചെയിൻ തട്ടിപ്പുമായി ബന്ധപ്പെട്ട അന്വേഷണം വരുമ്പോൾ മൾട്ടി ലെവൽ മാർക്കറ്റിംഗ്കാരെക്കൂടി അഫക്ട് ചെയ്യുന്നതായി കണ്ടുകൊണ്ടു തന്നെയാണ് ഗവൺമെന്റ് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ച്, ആ കമ്മിറ്റിയുടെ കുറേ നിർദ്ദേശങ്ങൾ നടപ്പിലാക്കുകയും ചെയ്തത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് ശരിയാണ്. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് ഒരു നിയമം ആവശ്യമെങ്കിൽ കൂട്ടായി ആലോചിച്ച് നിയമനിർമ്മാണം നടത്താവുന്നതാണ്.

## റോഡപകടങ്ങൾ

ശ്രീ. പാലോട് രവി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഈ സഭ ഒന്നടങ്കവും ശ്രദ്ധിക്കേണ്ട വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. ഈ ലോകത്ത് ഒരു വർഷം പതിമൂന്ന് ലക്ഷത്തിലധികം ആളുകൾ കൊല്ലപ്പെടുകയും അഞ്ഞൂറ് ലക്ഷം പേർക്ക് പരിക്കേൽക്കുകയും ചെയ്യുമ്പോൾ ഇന്ത്യയിൽ ഒരുവർഷം ഒന്നേകാൽ ലക്ഷത്തിലധികം ആളുകൾ മരിക്കുകയും അഞ്ച് ലക്ഷത്തിലധികംപേർക്ക് പരിക്കേൽക്കുകയും ചെയ്യുന്നു. കേരളത്തിൽ നാൽപ്പതിനായിരത്തോളം വാഹനാപകടങ്ങൾ ഉണ്ടാവുകയും നാലായിരത്തിലധികം പേർ മരിക്കുകയും അൻപതിനായിരത്തോളം ആളുകൾ കൈകാലുകൾ നഷ്ടപ്പെട്ട് കഴിയുകയുമാണ്. ലോകത്തിൽത്തന്നെ ഏറ്റവും കൂടുതൽ റോഡപകടങ്ങളും അപകട മരണങ്ങളും നടക്കുന്ന പ്രദേശമായി കേരളം മാറിയിരിക്കുകയാണ്. ഏകദേശം 72 ലക്ഷത്തിലധികം വാഹനങ്ങളാണ് ഇപ്പോൾ കേരളത്തിലുള്ളത്. 2011–ലെ ഔദ്യോഗിക കണക്കുപ്രകാരം വിദേശമദ്യത്തിന്റെ ഉപയോഗം 1,79,60,000 ലിറ്ററായി വർദ്ധിച്ചിരിക്കുന്നു. 2005-ൽ ഉണ്ടായിരുന്നതിനേക്കാൾ മൂന്നിരട്ടി മൊബൈൽ ഫോണുകളാണ് ഇപ്പോൾ കേരളത്തിൽ ഉപയോഗിക്കപ്പെടുന്നത്. അപകടങ്ങൾ കുറയ്ക്കുന്നതിൽ എഞ്ചിനീയറിംഗ്, എഡ്യൂക്കേഷൻ, എൻഫോഴ്സ്മെന്റ്, എമർജൻസി സർവ്വീസസ്, എൻവയോൺമെന്റൽ ഫാക്ടേഴ്സ്, റോഡുകൾ എന്നിവയ്ക്ക് ഒരുമിച്ച് പ്രവർത്തിക്കുവാനുതകുന്ന ഒരുകർമ്മ പദ്ധതി

നിലവിലില്ല. 2011-20 റോഡ് സുരക്ഷാ ദശവത്സരമായി ആചരിക്കാൻ ഐക്യരാഷ്ട്രസഭ തീരുമാനിച്ചിരിക്കുകയാണ്. ഇപ്പോൾ ഗതാഗതവകുപ്പിൽ ആകെ 125 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരും 270 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുമാണുള്ളത്. ദിനംപ്രതി രണ്ടായിരത്തിലധികം വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന്റെ ചുമതലയും ടെസ്റ്റ് നടത്തി ഡ്രൈവിംഗ് ലൈസൻസ് നൽകുന്ന ചുമതലയും നാലായിരത്തിലധികം വാഹനങ്ങൾ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുക്കേണ്ടതും ഇവരാണ്. കൂടാതെ, 150 ഓളം വാഹനങ്ങൾ പരിശോധിച്ച് ആക്സിഡന്റ് റിപ്പോർട്ട് നൽകി കോടതിയിൽ ഹാജരായി തെളിവ് നൽകേണ്ടതും ലക്ഷക്കണക്കിനുവരുന്ന ലേണേഴ്സ് ഡ്രൈവിംഗ്കാർക്ക് ക്ലാസ് എടുക്കേണ്ടതും ദശലക്ഷക്കണക്കിന് വരുന്ന ഡ്രൈവർമാർക്ക് പരിശീലനം നൽകേണ്ട ചുമതലയും ഇവർക്കാണ്. മാത്രമല്ല, പതിനാറായിരത്തിലധികം വരുന്ന സ്കൂളുകളിൽ പ്രാഥമിക ഗതാഗത നിയമങ്ങൾ പഠിപ്പിക്കുന്നതിനും ഗതാഗത വകുപ്പിന്റെ നികുതി പിരിവും നടപ്പിലാക്കേണ്ടത് ഇവരാണ്. ഗ്രാമപ്രദേശങ്ങളിൽ 47 സബ് ആർ.ടി. ഓഫീസുകളുണ്ടെങ്കിലും ഒരു ഓഫീസിൽ പോലും എൻഫോഴ്സ്മെന്റ് സ്ക്വാഡില്ല. ഇതിനായി കേവലം എട്ട് കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. എട്ട് കോടി രൂപ മുടക്കിയാൽ 333 കോടി രൂപയാണ് കേരളത്തിന് അധികവരുമാനമായി ലഭിക്കുന്നത്. മാത്രമല്ല, 1975-ലെ സ്റ്റാഫ് പാറ്റേണാണ് ഇപ്പോഴും ഇവിടെയുള്ളത്. 1980-81 കാലയളവിൽ ഒരു

വെഹിക്കിൾ ഇൻസ്പെക്ടർ 1095 വാഹനങ്ങൾ കൈകാര്യം ചെയ്തിരുന്നതെങ്കിൽ 2012 ആയപ്പോഴേയ്ക്കും 14000 വാഹനങ്ങൾ കൈകാര്യം ചെയ്യേണ്ട സ്ഥിതിവിശേഷമാണുള്ളത്. പിന്നെ എങ്ങനെയാണ് ഇവിടെ അപകടങ്ങൾ ഉണ്ടാകാതിരിക്കുന്നത്; ലോകഭൂപടത്തിൽ കേരളം സ്ഥാനം പിടിക്കാതിരിക്കുന്നത് എങ്ങനെയാണ്; ഭരണ-പ്രതിപക്ഷാംഗങ്ങൾ എങ്ങനെയാണ് ഇത് കണ്ടുകൊണ്ടിരിക്കുകയാണ്? 2012 ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങളിൽ മാത്രം റോഡപകടങ്ങളിൽ മരിച്ചവരുടെ എണ്ണം 700 ആണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളെയും പിന്നിലാക്കി ഒന്നാം സ്ഥാനത്തേയ്ക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ് കേരളം. ദേശീയ ശരാശരിയുടെ എട്ട് ഇരട്ടി റോഡപകടങ്ങൾ സംഭവിക്കുന്ന ഈ കേരളത്തിൽ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഗതാഗത വകുപ്പുമന്ത്രിയും ഭരണ-പ്രതിപക്ഷാംഗങ്ങളും ഇതിന് കൂട്ടുനിൽക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഗവൺമെന്റ് കണ്ണുതുറക്കണം, അടിയന്തരമായി പോസ്റ്റ് ക്രിയേറ്റ് ചെയ്യുകയും എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുകയും വേണം. സബ് ആർ.ടി. ആഫീസുകളിൽ ആവശ്യമായ സ്റ്റാഫിനെ പോസ്റ്റ് ചെയ്യണം. കേരളത്തിലെ ഇപ്പോഴത്തെ സ്ഥിതിക്ക് ഒരു മാറ്റമുണ്ടാക്കാൻ ബഹുമാന്യനായ ഗതാഗത വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ധനകാര്യവകുപ്പുമന്ത്രയും ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണി, ഇത് വളരെ അത്യാവശ്യമാണ്. ഇത് സർക്കാരിന്

നല്ല സാമ്പത്തിക വരുമാനമുണ്ടാക്കുന്നതുമാണ്. ഇത് പ്രത്യേകം ശ്രദ്ധിക്കണമെന്ന് ചെയർ കൂടി അഭ്യർത്ഥിക്കുന്നു.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച പല കാര്യങ്ങളും ശരിയാണ്. കേരളത്തിൽ വാഹനങ്ങൾ വളരെയധികം വർദ്ധിച്ചുവെന്നുള്ളതും ആക്സിഡന്റ് ഡെത്ത് കൂടിയിട്ടുണ്ടെന്നുള്ളതും വസ്തുതയാണ്. 2007–ൽ 3778 ആക്സിഡന്റ് മരണം സംഭവിച്ചപ്പോൾ 2010–ൽ 3950 ആയും 2011–ൽ 4145 ആയും വർദ്ധിച്ചു. ഇതുപോലെതന്നെ ആക്സിഡന്റും വർദ്ധിച്ചുവരികയാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ വരുമാനം വർദ്ധിക്കുന്നുണ്ടെങ്കിൽ പോലും യഥാർത്ഥത്തിൽ അർഹിക്കുന്ന വരുമാനം ലഭിക്കുന്നില്ലെന്നുള്ളത് സത്യമാണ്. 2004–ലെ സി. ആന്റ് എ. ജി. റിപ്പോർട്ടിൽ ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കേരളത്തിലെ റോഡപകടങ്ങൾ കുറയ്ക്കാനും ഇന്നുള്ള വരുമാനം ഇരട്ടിയാക്കി വർദ്ധിപ്പിക്കാനും വേണ്ടി മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥന്മാരുടെ അംഗസംഖ്യ വർദ്ധിപ്പിക്കണമെന്നാണ് സി. ആന്റ് എ. ജി. യുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. അതിനുശേഷവും 1975-ലെ സ്റ്റാഫ് പാറ്റേൺ തന്നെയാണ് ഇപ്പോഴും നിലവിലുള്ളത്. എന്നാൽ എല്ലാ ബുധനാഴ്ചകളിലും മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥന്മാർ ബാക്കിയുള്ള കാര്യങ്ങളെല്ലാം മാറ്റിവച്ച് കളക്ഷനിൽ മാത്രം ശ്രദ്ധപതിപ്പിക്കുന്നതുകൊണ്ട് ധാരാളം ആക്ഷേപങ്ങൾ വരുന്നുണ്ട്. പക്ഷേ, അതുകൊണ്ടാണ്

ഇത്രയധികം കളക്ഷനുണ്ടാകുന്നത്. അതുകൊണ്ട് കളക്ഷനിൽ 21 ശതമാനത്തോളം വർദ്ധനവുണ്ടായിയെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒരു റീ-സ്ട്രക്ച്ചറിംഗിനുവേണ്ടിയാണ് ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ജനങ്ങളുടെ ജീവനാണ് വലുത്. അതിനാൽ ബുധനാഴ്ചകളിലെ ജോലികളൊക്കെ നിർത്തിവച്ച് സേഫ്റ്റി നടപടികൾക്കുവേണ്ടി ഉദ്യോഗസ്ഥന്മാരെ മാറ്റേണ്ടിവരും. അങ്ങനെ മാറ്റുമ്പോൾ കളക്ഷനിൽ കുറവുണ്ടായാലും അത് കുറേയൊക്കെ പരിഹരിക്കാൻ സാധിക്കും. ഈ നിലയിലുള്ള ഒരു റീസ്ട്രക്ച്ചറിംഗ് നടക്കുന്നില്ലെങ്കിൽ മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിനെക്കുറിച്ചും ആലോചിക്കേണ്ടതായിവരും. അതിനും തയ്യാറായിരിക്കുന്നുവെന്ന് ഞാൻ ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്. റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഫണ്ട് ഉപയോഗിച്ച് ചില കാര്യങ്ങൾ ചെയ്യാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. നമ്മുടെ സംസ്ഥാനത്ത് അപകടങ്ങൾ കുറയ്ക്കാനായി മണ്ണുത്തി മുതൽ ചേർത്തല വരെ സർവലയൻസ് ക്യാമറകൾ ഘടിപ്പിക്കാനുള്ള നടപടികൾ എടുത്തുവരുന്നു. ഇതിന്റെ ആദ്യഘട്ടമായി ചേർത്തല മുതൽ വൈറ്റില വരെ ഇതിനുള്ള നടപടികൾ നടന്നുവരുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യങ്ങളൊക്കെ അനുകൂലിക്കുന്ന ആളാണ്. എന്നുമാത്രമല്ല, അദ്ദേഹം സാധാരണ കണക്കുകൂട്ടുന്നത്, ഇതുകൊണ്ട് എത്ര വരുമാനമുണ്ടാകുമെന്നാണ്. അത് കണക്കുകൂട്ടാൻ എന്നെക്കാളും നല്ല കണക്കനാണ് അദ്ദേഹം. അതുകൊണ്ട് യാതൊരു

സംശയവുമില്ല. റീ–സ്ട്രക്ച്ചറിംഗിന്റെ കാര്യത്തിൽ സാമ്പത്തികമായ നേട്ട ങ്ങൾ കണക്കിലെടുത്തുകൊണ്ട് എല്ലാ കാരുണ്യ പദ്ധതികളും നടപ്പിലാ ക്കുന്ന കരുണയുള്ള ഒരു ധനകാര്യ വകുപ്പുമന്ത്രിയാണ് അദ്ദേഹം. അതു കൊണ്ട് ഇത് നടക്കുമെന്ന് എനിക്ക് പൂർണ്ണ വിശ്വാസമാണ്. ഏതായാലും മണ്ണുത്തി മുതൽ ചേർത്തല വരെയുള്ള ഭാഗങ്ങളിൽ ഈ ക്യാമറ ഘടിപ്പി ക്കുവാനുള്ള നടപടികൾ നടന്നുവരുന്നു. കുറേ ഭാഗത്തെ പണി പൂർത്തീ കരിച്ചു. മണ്ണുത്തിയിൽ നിന്ന് കാസർഗോഡ് വരെയും അതുപോലെ ചേർത്തലയിൽ നിന്നും കളിയിക്കാവിള വരെയും ദീർഘിപ്പിക്കാനുള്ള നട പടികൾ ചെയ്തുവരികയാണ്. അതുപോലെ തന്നെ വെഹിക്കിൾ ടെസ്റ്റിംഗിന് കമ്പ്യൂട്ടറൈസ് ചെയ്ത ടെസ്റ്റിംഗ് സെന്റർ കോഴിക്കോട് ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. കണ്ണൂരിൽ 95 ശതമാനവും പണി തീർന്നു. എറണാകുളം, തിരുവനന്തപുരം, തൃശൂർ, എന്നിവിടങ്ങളിൽ ഈ വർഷം തുടങ്ങും. ബാക്കിയുള്ള സ്ഥലങ്ങളിൽ അടുത്ത വർഷം തുടങ്ങാൻ സാധി ക്കും. റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഫണ്ട് ഉപയോഗിച്ചുകൊണ്ടാണ് ഇത് ചെയ്യുന്നത്. ഇതുപോലുള്ള കുറേ കാര്യങ്ങൾ ചെയ്തും ബോധവ ത്കരണം നടത്തിയും കുറേയധികം സ്റ്റാഫിനെ നിയമിച്ചും വരുമാനം വർദ്ധിപ്പിക്കാനും അതുപോലെ സേഫ്റ്റി നടപടികൾ കൈക്കൊള്ളാനും കഴിയുമെന്ന് ഗവൺമെന്റ് വിശ്വസിക്കുന്നു.

## തിരു-കൊച്ചി സിറ്റി സർവ്വീസ്

ശ്രീ. ജോസ് തെറ്റയിൽ : സർ, കഴിഞ്ഞ രണ്ട് വർഷക്കാലത്തിനു മുമ്പ് കൊച്ചി നഗരത്തിൽ വളരെയേറെ പ്രതീക്ഷയോടെ ആരംഭിച്ച തിരു -കൊച്ചി കെ.എസ്.ആർ.ടി.സി. സർവ്വീസിനെക്കുറിച്ചാണ് ഉന്നയിക്കുന്നത്. സ്വകാര്യബസ്സുകളുടെ പരക്കംപാച്ചിലും ആളുകളെ കൊല്ലലുമെല്ലാം ഒഴി വാക്കുന്നതിനുവേണ്ടി കൊച്ചി നഗരത്തിലേയും സമീപപ്രദേശങ്ങളി ലേയും ജനങ്ങൾ വളരെയേറെ ആകാംക്ഷയോടെ കാത്തിരുന്ന് നടത്തിയ ശ്രമത്തിന്റെ ഭാഗമായിട്ടാണ് 50 ബസ്സുകൾ ഒരുമിച്ച് നിരത്തിലിറക്കാൻ കഴിഞ്ഞത്. അതിനുശേഷം ഗോശ്രീ സർവ്വീസിൽ 25 ബസ്സുകൾ ഉൾപ്പെടെ 75 ബസ് സർവ്വീസ്സുകൾ കഴിഞ്ഞ രണ്ട് വർഷക്കാലത്തിനുമുമ്പ് അവിടെ തുടങ്ങിയിരുന്നു. തിരു-കൊച്ചി എന്ന പേര് തന്നെ തിരകഥാകൃത്ത് ജോൺ പോൾ നിർദ്ദേശിച്ചതനുസരിച്ച് തിരു - ഐശ്വര്യം, കൊച്ചി എന്നൊക്കെ ഉദ്ദേശിച്ചായിരിക്കും. ഇന്ന് അവിടെ ഒരു ഐശ്വര്യവുമില്ല. ബസ് സർവ്വീസുകളും നേരെയില്ല. ഇപ്പോൾ മിക്കവാറും റൂട്ടിൽ നിന്നും ബസ്സുകൾ പിൻവലിച്ചു. തിരു-കൊച്ചി എന്നുള്ള പേരുപോലും ബസ്സുക ളിലില്ല. ആ സ്ഥാനത്ത് മറ്റ് കാര്യങ്ങളൊക്കെ പരസ്യപ്പെടുത്തിക്കൊണ്ട് ആ സർവ്വീസേ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ശ്രീ. ഡൊമിനിക് പ്രസ ന്റേഷനും ശ്രീ. ഹൈബി ഈഡനും ശ്രീ. ലൂഡി ലൂയിസും ഉൾപ്പെടെ എറ ണാകുളം ജില്ലയിലുള്ള എം.എൽ.എ.-മാർക്കെല്ലാംതന്നെ ഇതിനെക്കുറിച്ച് അറിയാം. കഴിഞ്ഞ പ്രാവശ്യം മന്ത്രി ശ്രീ. കെ. ബാബു ഉൾപ്പെടെ

ഞങ്ങളെല്ലാവരും വളരെ താല്പര്യപൂർവ്വം സ്വീകരിച്ചതാണിത്. സർവ്വീസ് വളരെ ഭംഗിയായി നിർവ്വഹിച്ചിരുന്നതുമാണ്. ഇന്ന് ആ സർവ്വീസ് വളരെ മോശമാണെന്ന് മാത്രമല്ല, ആ ബസ്സുകളിൽ കയറാൻ തന്നെ ആളില്ല. ഇത് തികഞ്ഞ ഒരവഗണന എന്ന് ഞാൻ പറയുന്നില്ല. ഇന്ന് അവജ്ഞയോടെ തിരു-കൊച്ചി സർവ്വീസിനെ നോക്കുന്ന ഗതികേടാണ് വന്നിട്ടുള്ളത്. അത് പാടില്ല. 350 സർവ്വീസുകൾ നടത്തിയിരുന്ന സ്ഥാനത്ത് ഇന്ന് സർവ്വീസു കളില്ല. ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിക്കാൻ പോകുന്നുവെന്ന് പറയുന്ന കണക്കും ശരിയല്ലായെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കാരണം, അതൊന്നുമല്ല അവിടത്തെ യാഥാർത്ഥ്യം. അവിടെ യാഥാർത്ഥ്യം വേറെയാണ്. അവിടെ തിരു-കൊച്ചി ബസ് പ്രൈവറ്റ് ബസ്സു കൾക്കുവേണ്ടി വഴിമാറിക്കൊടുക്കുന്ന വളരെ മോശമായ ഒരു രീതിയിലേ യ്ക്കാണ് കാര്യങ്ങൾ ഇപ്പോൾ പൊയ്ക്കൊണ്ടിരിക്കുന്നത്. ഇതിൽനിന്നും രക്ഷപ്പെടുത്തണം. എറണാകുളം സിറ്റിയിൽ മാത്രമല്ല, സമീപപ്രദേശങ്ങളി ലേയ്ക്കുള്ള ഈ ബസ് സർവ്വീസുകൾ കൃത്യമായി നടത്തുന്നതിന് പ്രത്യേ കമായ മോണിറ്ററിംഗ് ഏർപ്പെടുത്തണം. മുൻകാലങ്ങളിൽ അങ്ങനെയാണ് ഉണ്ടായിരുന്നത്. അതിനാൽ ഒരു മോണിറ്ററിംഗ് സംവിധാനം ഇതിനു വേണ്ടി ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാ കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ചില കാര്യങ്ങളൊക്കെ ശരിയാണ്.

എറണാകുളത്ത് പ്രൈവറ്റ് ബസിന്റെ ശല്യം ഒതുക്കാൻ വേണ്ടി അദ്ദേഹ ത്തിന്റെ കാലത്താണെന്ന് തോന്നുന്നു തിരു-കൊച്ചി സർവ്വീസ് സിറ്റിയിൽ ആരംഭിച്ചത്. അത് വളരെ പ്രയോജനകരമായിരുന്നു എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അതിന് എറണാകുളത്തുനിന്നും 32 ബസും ആലുവ യിൽ നിന്നും 18 ബസ്സുമെടുത്ത് 50 ബസ്സുകളാണ് ആരംഭിച്ചത്. പിന്നെ 25 അല്ല 20 ബസ്സാണ്. അത് അങ്ങ് തന്നെ എഴുതി തന്നതാണ്. അതാണ് ശരി. 20 ബസ്സുകളുംകൂടി കൂട്ടി 70 ബസ്സുകളാണ്. അപ്പോഴാണ് ഗോശ്രീ പദ്ധതി വന്നത്. അത് നാഷണലൈസ് ചെയ്യുമെന്നാണ് ഉദ്ദേശിച്ചത്. ഏതാ യാലും എല്ലാംകൂടി 70 ബസ്സുകളാണ്. ആ 70 ബസ്സുകളിൽ ഇപ്പോൾ എറ ണാകുളത്തുനിന്നും 37-ഉം ആലുവയിൽ നിന്നും 18-ഉം നോർത്ത് പറ വൂരിൽ നിന്നും 6-ഉം കൊടുങ്ങല്ലൂരിൽ നിന്ന് 4-ഉം പിറവത്ത് നിന്ന് 3-ഉം അങ്കമാലിയിൽ 2-ഉം ആണ്. അതിലിപ്പോൾ നാല് ബസ് എറണാകു ളത്തും 5 ബസ് ആലുവയിലും അങ്കമാലിയിൽ 2-ൽ ഒരു ബസ്സും കുറവു ണ്ട്. പറവൂരിലും പിറവത്തും മറ്റുമായി 10 ബസ്സിന്റെ കുറവുണ്ട്. അങ്ങനെ 60 ബസ് ഇന്നും ഓടുന്നുണ്ട്. അതേ അവസരത്തിൽ ചില ദിവസങ്ങളിൽ ചില പ്രശ്നങ്ങളുണ്ട്. സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് (സി.എഫ്) ജൂലൈ മാസത്തോടുകൂടി ശരിപ്പെടുത്തേണ്ടതായിട്ടുണ്ട്. ജൂലൈ മാസ ത്തോടുകൂടി അത് ശരിപ്പെടുത്തേണ്ടതുള്ളതുകൊണ്ട് അതിനുവേണ്ടി ചില

പ്പോൾ ബസ് നിറുത്തേണ്ടതായി വന്നിട്ടുണ്ട്. ഇതാണ് വസ്തുത. അതു പോലെതന്നെ ഡ്രൈവർമാരുടെ ഷോർട്ടേജും ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. എന്നാൽ ഇന്നലെ മുതൽ എംപ്ലോയ്മെന്റിൽ നിന്നും കുറേ ഡ്രൈവർമാരെ നിയമിച്ചിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും ആഗസ്റ്റ്-സെപ്തംബർ മാസത്തോടെ കുറേ ഡ്രൈവർമാർ വരാനുണ്ട്. അതോടുകൂടി പ്രശ്നം പരിഹരിക്കപ്പെടും. എന്നാൽ ഒരു കാര്യം മെമ്പർ പറഞ്ഞത് ഇപ്പോഴാണ് എന്റെ ശ്രദ്ധയിൽ വന്നത്. അവിടെ പ്രൈവറ്റ് ബസ്സുകാർക്കു വേണ്ടി വല്ലതും ചെയ്യുന്നുണ്ടെങ്കിൽ അതിനുമുകളിൽ ശക്തമായ നടപടി കൈക്കൊള്ളും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മാത്രമല്ല, എറണാകുളം മേഖലയിലെ എം.എൽ.എ.-മാരെ വിളിച്ച് സഭ തീരുന്നതിനുമുമ്പ് തന്നെ ഈ കാര്യത്തിൽ പരിഹാരമുണ്ടാക്കാനുള്ള ഒരു കോൺഫറൻസ് ഇവിടെ വച്ച് നടത്തി അതിന് പരിഹാരമുണ്ടാക്കുമെന്ന് മാത്രമല്ല, അവിടെ കെ.എസ്.ആർ.ടി.സി. ബസ്സുകൾ പ്രൈവറ്റ് ബസ് സർവ്വീസിനു മുമ്പിൽ ഓടാനുള്ള സൗകര്യവും ചെയ്യുന്നതാണ്. ഒരു കാര്യം കൂടി പറയട്ടെ....................

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട അംഗങ്ങളും മന്ത്രിമാരും സബ്മിഷനിലെ വിഷയത്തെക്കുറിച്ച് മാത്രം പറയണം. ഡിമാന്റ് ചർച്ചപോലെ വിഷയം അവതരിപ്പിക്കാൻ തുടങ്ങിയാൽ ഇത് എപ്പോൾ തീരും? ഇന്ന് നാല് മണിക്ക് സഭയുടെ ഒരു പ്രത്യേക പരിപാടിയുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ് : അതുണ്ടായിരിക്കും ഇത് മന്ത്രിമാരോട് മാത്രം ഡയറക്ട് ചെയ്തിട്ട് കാര്യമില്ല. മെമ്പർമാർ ഉന്നയിക്കുകയും ഞങ്ങളുടെ മറുപടി അതിൽ വരാതിരിക്കുകയും ചെയ്യുന്നത് ശരിയാണോ?

മി. സ്പീക്കർ : അത് ഞാൻ എഗ്രി ചെയ്യുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഏതായാലും ഒരു വാക്ക് ഞാൻ പറയട്ടെ. ഇന്നലെത്തെ കണക്ക് പരിശോധിച്ചാൽ നാലായിരത്തിതൊള്ളായിരത്തിൽപ്പരം ബസ് സർവ്വീസിന് നടത്തിയിട്ടുണ്ട്. അത് കേരളത്തിന്റെ ചരിത്രത്തിലെ ആദ്യത്തെ സംഭവമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. 482 ബസ് മാത്രമാണ് ഇന്നലെ ഡോക്കിലായിട്ടുള്ളത്. അതുകൊണ്ട് ഈ കാര്യത്തിൽ പരമാവധി ശ്രദ്ധപതിപ്പിക്കുന്നതാണ്.

മി. സ്പീക്കർ : പൊതുചർച്ച ആരംഭിക്കുമ്പോൾ ചർച്ചയിൽ പങ്കെടുക്കാൻ സാധിക്കാത്ത അംഗങ്ങളുടെ മുഖം മാറുന്നത് ചെയറിന് കാണാം. അപ്പോൾ പെട്ടെന്ന് തീരണം. അതുകൊണ്ട് സബ്മിഷനിൽ നിങ്ങൾ എഴുതിത്തന്ന വിഷയമുണ്ട്. ആ വിഷയത്തിൽ ഒതുങ്ങിനിന്ന്മാത്രം പറയുക. ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി പറയും. ഇപ്പോൾ ഇവിടെ ഇരിക്കുന്നവരിൽ പലരും സീനിയേഴ്സാണ്. പലരും മുൻമന്ത്രിമാർ ആണ്. അതനുസരിച്ച് ടൈമിന് ഒരു ക്ലിപ്തത നമുക്ക് വേണം.

## കൊച്ചിയിൽ യൂറോപ്യൻ ചരിത്ര മ്യൂസിയം

ശ്രീ. ലൂഡി ലൂയിസ് : സർ, പഴമയുടെ പൈതൃകംപേറി നിൽക്കുന്ന ഒട്ടനവധി ചരിത്ര സ്മാരകങ്ങൾ കൊച്ചിയിലും പരിസരപ്രദേശങ്ങളിലുമുണ്ട്. ഇങ്ങനെയുള്ള സ്മാരകങ്ങളെക്കുറിച്ച് പുതിയ തലമുറയ്ക്ക് അറിവ് പകർന്നുകൊടുക്കുവാനും പ്രത്യേകിച്ച് വിദ്യാർത്ഥികൾക്ക് അറിവ് പകർന്നുകൊടുക്കുവാൻ കൊച്ചിയിൽ ഒരു യൂറോപ്യൻ ചരിത്ര സ്മാരകം നിർമ്മിക്കുന്നതോടൊപ്പം തന്നെ ഇത്തരത്തിലുള്ള ചരിത്ര സ്മാരകങ്ങളുമായി ബന്ധപ്പെടുത്തി് ഒരു ചരിത്ര ടൂറിസം മാപ്പ് ഉണ്ടാക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. യൂറോപ്യൻ സംസ്ക്കാരത്തിന്റെ പ്രതീകങ്ങളായി ഒട്ടനവധി സ്മാരകങ്ങൾ കൊച്ചിയിലും പരിസരപ്രദേശങ്ങളിലുമുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് 600 വർഷം പഴക്കമുള്ള കൊച്ചിയിലെ സെന്റ് ഫ്രാൻസിസ് ചർച്ചിലുള്ള പോർട്ടുഗീസ് നാവികനായിരുന്ന വാസ്ക്കോഡ ഗാമയുടെ ശവകുടീരമാണ്. അതുപോലെ ഇന്നും പോർട്ടുഗീസ് ഭാഷയും യൂറോപ്യൻ ഭാഷയും സംസാരിക്കുന്ന ഒട്ടനവധി ജനങ്ങൾ ഫോർട്ട് കൊച്ചിയിലും പരിസരത്തുമുണ്ട്. നമ്മൾ അവിടെ ചെന്നാൽ ജനങ്ങൾ സംസാരിക്കുന്നത് പോർട്ടുഗീസ് ഭാഷയാണ്. ബോൺദിയ എന്ന രീതിയിൽ ഗുഡ്മോർണിംഗ് എന്ന വാക്ക് പറയുന്ന ധാരാളം ആളുകൾ ഇന്നും അവിടെയുണ്ട്. ഇങ്ങനെയുള്ള സാംസ്ക്കാരികത മുൻനിർത്തിക്കൊണ്ടുതന്നെ, ഇതൊക്കെ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കാനുള്ള ഒരു മ്യൂസിയം അവിടെ ഉണ്ടാകേണ്ടതാണ്. അതു

പോലെ ഡച്ച് ഭാഷയിലുള്ള ഹോർത്തൂസ് മലബാറിക്കസ് എന്ന കേരളത്തിലെ 700–ലധികം വരുന്ന സസ്യങ്ങളെക്കുറിച്ചുള്ള പുസ്തകം എഴുതിയത് കൊച്ചിയിൽവച്ചാണ്. ഇങ്ങനെ വളരെയേറെ ചരിത്രപ്രാധാന്യമുള്ള പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന കൊച്ചിയിൽ ഒരു മ്യൂസിയം സ്ഥാപിക്കുന്നതോടൊപ്പം വിദ്യാർത്ഥികൾക്കും മറ്റുള്ള ആളുകൾക്കുമൊക്കെ ചരിത്ര പഠനം നടത്തുന്നതിനുവേണ്ടിയുള്ള ഒരു ചരിത്രപഠന മാപ്പുകൂടി, ടൂറിസം മാപ്പുകൂടി തയ്യാറാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി–പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. അനിൽ കുമാർ): സർ, കൊച്ചിയുടെ ചരിത്രപ്രാധാന്യത്തെക്കുറിച്ചും പാരമ്പര്യത്തെക്കുറിച്ചുമൊക്കെ ബഹുമാനപ്പെട്ട അംഗം ലൂഡി ലൂയിസ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് വളരെ പ്രധാനപ്പെട്ടതാണ്. ഡച്ചുകാരും പോർട്ടുഗീസുകാരും ബ്രിട്ടീഷുകാരുമൊക്കെ നൂറ്റാണ്ടുകൾക്ക് മുമ്പ് ഇവിടെ വന്ന് കച്ചവടം നടത്തിയ ചരിത്രവും അതിന്റെ പാരമ്പര്യവുമൊക്കെ കൊച്ചിക്കുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ വാസ്കോഡഗാമയെ അടക്കം ചെയ്ത സെന്റ് ഫ്രാൻസിസ് ചർച്ച്, ഡച്ച് സെമിത്തേരി, റെഡ് ഫോർട്ടിൽ യൂണിയൻ ജാക്ക് താഴ്ത്തികെട്ടുമ്പോൾ അതിനുസമാനമായി ഫോർട്ട് കൊച്ചിയിലെ പരേഡ് ഗ്രൗണ്ടിലും യൂണിയൻ ജാക്ക് താഴ്ത്തികെട്ടാറുണ്ട്, അങ്ങനെ ഒരുപാട് ചരിത്ര പശ്ചാത്തലമുള്ള സ്ഥലത്ത് അതിന്റെ പ്രാധാന്യമുൾക്കൊണ്ടുകൊണ്ടുതന്നെ

ഗവൺമെന്റ് നടപടികൾ സ്വീകരിക്കുകയാണ്. വൈപ്പിൻകരയിലെ അഞ്ഞൂറ് വർഷം പഴക്കമുള്ള പള്ളിയുടെ റിനോവേഷനു വേണ്ടി ഏതാണ്ട് 2 കോടി രൂപ അനുവദിച്ചു. ഫോർട്ട് കൊച്ചിയിൽ ഏതാണ്ട് 10 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് ഈ ഗവൺമെന്റ് വന്നതി നുശേഷം തുടക്കം കുറിച്ചിരിക്കുകയാണ്. ശ്രീ. ലൂഡി ലൂയിസ് ഇവിടെ സൂചിപ്പിച്ച രണ്ടു കാര്യങ്ങളുണ്ട്. മ്യൂസിയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ യഥാർത്ഥത്തിൽ സാംസ്കാരിക വകുപ്പിന് കീഴിലാണ് വരേണ്ടത്. പക്ഷേ അതിനാവശ്യമായ സാമ്പത്തിക സഹായം ടൂറിസം വകുപ്പിന്റെ ഭാഗത്തു നിന്ന് കൊടുക്കാൻ തയ്യാറാണ്. അതോടൊപ്പംതന്നെ ചരിത്ര പഠന ടൂറിസം മാപ്പിന്റെ കാര്യം അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. തീർച്ചയായും ഈ നിർദ്ദേശം ഗൗരവമായിത്തന്നെ ഗവൺമെന്റ് കാണുന്നു. ആവശ്യമായ നട പടി സ്വീകരിക്കുമെന്ന് സൂചിപ്പിക്കുവാൻ ഈ സന്ദർഭം വിനിയോഗിക്കുക യാണ്.

## വാഹനാപകടങ്ങൾ

ശ്രീ. വർക്കല കഹാർ: സർ, ദേശീയപാത 47-ലെ കല്ലമ്പലം-കടമ്പാട്ടുകോണം മേഖലയിൽ അപകടങ്ങൾ തുടർക്കഥയായിരിക്കുകയാണ്. കഴിഞ്ഞ ആറുമാസത്തിനിടയിൽ നൂറിൽപ്പരം അപകടമരണങ്ങളാണ് ഇവിടെ നടന്നത്. പ്രത്യേകിച്ച് രാത്രികാലങ്ങളിൽ നിലവിളികളും ദീനരോദനങ്ങളും കേട്ടാണ് റോഡിന് ഇരുവശമുള്ളവർ ഓടിവരുന്നത്. ബൈക്കും കാറും കൂട്ടിയിടിക്കുന്നു, ഫാസ്റ്റ് പാസഞ്ചർ കൂട്ടിയിടിക്കുന്നു, ചിലപ്പോൾ അർദ്ധ രാത്രിയിൽ അപകടത്തിപ്പെട്ട് റോഡിൽ വീണുകിടക്കുന്ന ശവശരീരങ്ങൾക്കു പുറത്തുകൂടി വീണ്ടും വാഹനങ്ങൾ കയറിയിറങ്ങി ഛിന്നഭിന്നമായി വികലവും ശോചനീയവുമായ രീതിയിൽ രാവിലെ കാണേണ്ടിവരുന്നു. ഫാസ്റ്റ് പാസഞ്ചർ മറ്റൊരു ലോറിയിൽ ഇടിച്ചുകിടക്കുന്ന ഒരു ദൃശ്യം ഞാൻ കാണാനിടയായി. ഫാസ്റ്റ് പാസഞ്ചർ ബസ്സിന്റെ മുൻവശമാകെ തകർന്നിരിക്കുന്നു. ഒരമ്മ തലകീഴായി കമ്പിയിൽ കൊരുത്തുകിടക്കുന്ന വളരെ ദയനീയമായ കാഴ്ചയാണ് കണ്ടുനിൽക്കേണ്ടിവന്നത്. അമ്മയും കുഞ്ഞും കിടന്നുപിടയ്ക്കുന്നതും രക്ഷിക്കണേ എന്ന നിലവിളി കേട്ടും പരിസരവാസികളായ ജനങ്ങളാകെ വിഷമിച്ചിരിക്കുകയാണ്. ഇക്കാര്യം ഒരുദിവസം ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. അദ്ദേഹം ജില്ലാ കളക്ടർക്ക് പ്രത്യേക നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം കൂടുകയും ചെയ്തു. ക്യാമറകൾ സ്ഥാപിക്കാനും വീതികുറഞ്ഞ റോഡായതുകൊണ്ട്

ആ പ്രദേശത്ത് 40 കിലോമീറ്ററിൽ കൂടുതൽ വേഗതയിൽ വാഹനങ്ങൾ സഞ്ചരിക്കാൻ പാടില്ല എന്നും മറ്റു ട്രാഫിക് സംവിധാനങ്ങളുമെല്ലാം നിർദ്ദേശിക്കപ്പെട്ടിരുന്നു. ആ കമ്മിറ്റിയും അങ്ങനെ ചില തീരുമാനങ്ങളുമുണ്ടായതല്ലാതെ ഒന്നും നടന്നില്ല. ഇന്നലെയും രണ്ടാളുകൾ അവിടെ അപകടത്തിൽപെട്ട് പിടഞ്ഞുവീണ് മരിച്ചു. ഇതിന് ശാശ്വതമായി എന്തെങ്കിലും പരിഹാരമുണ്ടാക്കാൻ കഴിയണം. ഇതൊക്കെ കണ്ട് അനുശോചിച്ചിട്ടും സാമ്പത്തികാനുകൂല്യങ്ങൾ നൽകിയിട്ടും മാത്രം കാര്യമില്ല. ഇക്കാര്യത്തെക്കുറിച്ച് വളരെ ഗഹനമായി ആലോചിക്കണം. ഇതിനറുതി വരുത്താൻ എന്തു ചെയ്യാൻ കഴിയുമെന്ന് സർക്കാർ ആലോചിക്കുകയും തീരുമാനിക്കുകയും വേണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട വർക്കല കഹാർ ഇവിടെ ഉന്നയിച്ചത് വളരെ ഗുരുതരമായ വിഷയവും സത്വരമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്ന ഒരു സംഗതിയുമാണ്. ദേശീയപാത 47-ൽ കല്ലമ്പലം-തട്ടുപാലം പ്രദേശത്തെ അശാസ്ത്രീയമായ റോഡ് അപകടങ്ങൾക്ക് കാരണമാകുന്നു എന്ന പരാതിയെത്തുടർന്ന് ആ ഭാഗത്ത് അപകടങ്ങളൊഴിവാക്കുന്നതിനായി ദിശാസൂചക ബോർഡുകളും മുൻകരുതൽ ബോർഡുകളും സ്പീഡ് നിയന്ത്രണ മുന്നറിയിപ്പായി റോഡിനുകുറുകെ നിരനിരയായി റിഫ്ളക്ടീവ് ടൈലുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ റംബിൾ സ്ട്രിപ്, മുൻകരുതൽ ലൈറ്റുകൾ തുടങ്ങിയ

റോഡുസുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്ന് റോഡ് സേഫ്റ്റി അതോറിറ്റിയോടും തിരുവനന്തപുരം ജില്ലാ കളക്ടറോടും നാഷണൽ ഹൈവേ അധികൃതരോടും ആവശ്യപ്പെട്ടിട്ടുണ്ട്. റോഡിന്റെ അശാസ്ത്രീയ മായ വളവും കാര്യങ്ങളുമൊക്കെ പുതിയ റോഡുവികസനം വരുമ്പോൾ മാറ്റുന്നതാണ്.

## തേവള്ളി പാലത്തിന്റെ അപകടാവസ്ഥ

ശ്രീ. പി. കെ. ഗുരുദാസൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ തേവള്ളി പാലത്തിന്റെ ബീമുകൾ പൊട്ടിയിരിക്കുകയാണ്. അതുപോലെ ഡക് സ്ലാബുകളും തൂണുകളുമെല്ലാം കമ്പികൾ പുറത്തുതള്ളി ദ്രവിച്ചു കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസം ഞാനും അവിടത്തെ എക്സിക്യൂട്ടീവ് എഞ്ചിനീയറും കളക്ടറുമൊക്കെ പോയി പരിശോധിച്ച് കാര്യങ്ങൾ ബോദ്ധ്യപ്പെട്ടതാണ്. ഐ.ഐ.ടി.-യിലെ ഉദ്യോഗസ്ഥരെക്കൊണ്ട് പരിശോധിപ്പിക്കാമെന്നാണ് അവർ പറഞ്ഞത്. ഇന്നലെ ചീഫ് എഞ്ചിനീയറും മറ്റും പോയി നോക്കിയെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. എത്രയുംപെട്ടെന്നു തന്നെ പാലത്തിന്റെ എക്സ്പാൻഷൻ, അതുകൊണ്ടു മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയൂ. പതിനായിരക്കണക്കിന് വാഹനങ്ങൾ ഓരോ ദിവസവും അതുവഴി കടന്നുപോകുന്നതാണ്. നഗരവും ഗ്രാമവും തമ്മിൽ ബന്ധിപ്പിക്കുന്ന ഏക പാലമാണിത്. മറ്റു മാർഗ്ഗങ്ങളൊന്നും അവിടെയില്ല. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി അടിയന്തിര നടപടികളെടുക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, കൊല്ലം നിയോജകമണ്ഡലത്തിലെ കോട്ടയത്ത് കടവ്(തേവള്ളി) പാലം 1967-ൽ നിർമ്മാണം പൂർത്തിയാക്കിയതാണ്. കാലപ്പഴക്കത്താൽ പാലത്തിന്റെ സ്ലാബുകളും കമ്പികളും മറ്റും ദ്രവിച്ച് ജോയിന്റുകളിൽ വിളളൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. എം.എൽ.എ.-യും ജില്ലാ കളക്ടറും ബന്ധപ്പെട്ട

ഉയർന്ന ഉദ്യോഗസ്ഥരും ഈ പാലം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പാലത്തിന്റെ അപകടാവസ്ഥ സംബന്ധിച്ച് ഒരു എക്സ്പെർട്ട് കമ്മിറ്റിയുടെ പരിശോധന ആവശ്യമാണെന്ന് കണ്ടെത്തുകയുണ്ടായി. അതനുസരിച്ച് പാലത്തിന്റെ റീഹാബിലിറ്റേഷൻ നടത്തുന്ന എറണാകുളത്തുള്ള ഒരു സ്ഥാപനവുമായി ബന്ധപ്പെടുകയും അവർ എത്രയും പെട്ടെന്നുതന്നെ പാലത്തിന്റെ പരിശോധന നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. പാലം പരിശോധിക്കുന്നതിന് ഒരു വിദഗ്ദ്ധൻ വരുമെന്ന് അറിയിച്ചതുകൊണ്ട് റോഡ്സ് വിഭാഗം ചീഫ് എഞ്ചിനീയറെ ഇന്ന് രാവിലെ തന്നെ അവിടേയ്ക്ക് അയച്ചിട്ടുണ്ട്. പരിശോധനാ റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ പാലത്തിന്റെ അപകടാവസ്ഥ പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

## പാലങ്ങളുടെ പണി പുനരാരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എന്റെ നിയോജകമണ്ഡലമായ ചെങ്ങന്നൂർ സ്ഥിതി ചെയ്യുന്നത് മൂന്നു നദികൾക്കിടയിലാണ്. പമ്പയാറിനും അച്ചൻകോവിലാറിനും മണിമലയാറിനും മധ്യത്തിൽ സ്ഥിതി ചെയ്യുന്നതുകൊണ്ടുതന്നെ ഗതാഗതക്കുരുക്കിനും ജനങ്ങളുടെ സുഗമമായ സഞ്ചാരത്തിനുമായി പാലങ്ങളുടെ ആവശ്യകത അവിടെ വളരെ കൂടുതലാണ്. അവിടത്തെ ഇറപ്പുഴ പാലമെന്നത് ഇടുങ്ങിയ പാലമാണ്. മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയും എം.എൽ.എ.-മാരുമെല്ലാം ദിവസേന യാത്രചെയ്യുന്നത് ഇറപ്പുഴ പാലത്തിൽകൂടിയാണ്.

മി. സ്പീക്കർ: മന്ത്രിമാരും എം.എൽ.എ.-മാരും മാത്രമല്ല ജനങ്ങളും അതുവഴി പോകുന്നുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ പറഞ്ഞത് ഭരണത്തിലുള്ളവർക്ക് നേരിട്ട് അനുഭവിക്കാമെന്നതാണ്. അവിടത്തെ ഗതാഗതക്കുരുക്കിൽ ഇവരെല്ലാം പെടുന്നുണ്ട്. ഇറപ്പുഴ പാലത്തിന്റെ നിർമ്മാണത്തിന് 13 കോടി രൂപയുടെ എ.എസ്. കിട്ടിയെങ്കിലും പണി അടിയന്തിരമായി ആരംഭിക്കേണ്ടതുണ്ട്. അതുപോലെ മിത്രമഠം പാലം എൺപത് ശതമാനം പണി കഴിഞ്ഞതിനുശേഷം, കരാറുകാരന്റെ കരാർ ക്യാൻസൽ ചെയ്തതിനുശേഷം ലാന്റ് അക്വസിഷന്റെ പ്രശ്നത്തിൽ രണ്ടാമത് റീടെണ്ടർ ചെയ്യാൻ കഴിയാതെ മുടങ്ങിയിരിക്കുകയാണ്. അതുപോലെ വഴുവാടിക്കടവ് പാലത്തി

ന്റെ കാര്യത്തിലും ലാന്റ് അക്വസിഷന്റെ പ്രശ്നമാണ്. കൈപ്പാലക്കടവ് പാലവും ലാന്റ് അക്വസിഷന്റെ പ്രശ്നത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ മുടങ്ങിയിരിക്കുകയാണ്. എരമല്ലിക്കര–മദനശ്ശേരിക്കടവ് പാലത്തിന് ഒരു കേസ് വന്നതുകാരണം ടെണ്ടർ കഴിഞ്ഞതിനുശേഷം എഗ്രിമെന്റ് വയ്ക്കാൻ കഴിയാത്ത സാഹചര്യമാണ്. അതുകൊണ്ട് ഈ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനു വേണ്ടിയുള്ള സത്വരമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ മിത്രമഠം പാലം നബാർഡ് പദ്ധതിയിൽപ്പെടുത്തി പണി തുടങ്ങിയതാണ്. അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ലഭ്യമല്ലാതിരുന്നതിനാൽ പകുതിയോളം പണി പൂർത്തീകരിച്ചതിനുശേഷം പണി നിറുത്തിവയ്ക്കേണ്ടിവന്നു. സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ പുരോഗമിച്ചുവരികയാണ്. വഴുവാടിപ്പാലത്തിന്റെ പണിക്ക് 14/7/2009–ൽ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും സ്ഥലം ലഭ്യമാകാത്തതിനാൽ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. സ്ഥലമേറ്റെടുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. 2011–12–ലെ ബഡ്ജറ്റ് സ്പീച്ചിൽ ഉൾപ്പെടുത്തി 16/2/2012–ൽ ഭരണാനുമതി നൽകിയ എം.സി.റോഡിലുള്ള ഇറപ്പുഴപാലം ഇപ്പോൾ കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പാലമാണ്. മദനശ്ശേരിക്കടവ്

പാലം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 16/12/2011–ൽ ഭരണാനുമതി നൽകുകയുണ്ടായി. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് കരാർ ഏറ്റെടുക്കുന്നതിനെതിരെ ചില കരാറുകാർ കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനാൽ ടെണ്ടർ തീർപ്പ് കൽപ്പിച്ചിട്ടില്ല. ആയതിനാൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ഐരാണിക്കുഴി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. പണി നിറുത്തിയിട്ടുള്ള മൂന്ന് പാലങ്ങളുടെ പ്രവൃത്തികൾ എത്രയുംവേഗം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇറപ്പുഴ പാലത്തിന് 13 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഉടനെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കുന്നതുമാണ്. ഡിസൈൻ പൂർത്തിയാക്കിയാലുടൻ ടി.എസ്. നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കും. ഈ നാലു പാലങ്ങളുടെ കാര്യത്തിൽ അടിയന്തിരമായി ഒരു കോൺഫറൻസ് വിളിച്ചുചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## കരാറുകാർ നിശ്ചിതസമയത്ത് പണിപൂർത്തിയാക്കാത്തത് സംബന്ധിച്ച്

ശ്രീ. ഇ.പി. ജയരാജൻ : സർ, പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള നിർമ്മാണ പ്രവൃത്തികളെ സംബന്ധിച്ചിട്ടുള്ള ചില കാര്യങ്ങളാണ് സഭയുടെ മുമ്പാകെ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. കാരാറുകാർ കരാറുകൾ ഏറ്റെടുത്തു കഴിഞ്ഞാൽ നിശ്ചിത സമയപരിധിക്കകത്ത് പൂർത്തിയാക്കുക എന്നൊരു നടപടിക്രമം കേരളത്തിലില്ല. ഇത് എന്റെ നിയോജകമണ്ഡലത്തിൽ മാത്രമല്ല, കേരളത്തിൽ ആകെയുള്ള ഒരു പൊതുപ്രശ്നമായിട്ടാണ് എനിക്ക് തോന്നുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ തന്നെ ഇത്തരത്തിലുള്ള മൂന്നുനാല് പ്രവൃത്തികളുണ്ട്. ഇതിൽ കരാർ പ്രവൃത്തികൾ നിശ്ചിത സമയത്ത് പൂർത്തീകരിക്കേണ്ട ഉത്തരവാദിത്വം ഉദ്യോഗസ്ഥന്മാർക്കും എഞ്ചിനീയർമാർക്കുമുണ്ട്. പക്ഷേ, അവരെല്ലാം നിഷ്ക്രിയരായി നോക്കിനിൽക്കുകയാണ്. അവർ നിസ്സഹായാവസ്ഥയും പ്രാപ്തിയില്ലായ്മയും പ്രകടിപ്പിക്കുന്ന അവസ്ഥയാണ് പല പ്രവൃത്തികളിലും കാണുന്നത്. എല്ലാ ഉദ്യോഗസ്ഥരും അങ്ങനെയാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, എന്റെ അനുഭവത്തിൽ എന്റെ നിയോജകമണ്ഡലത്തിലെ ചില പ്രവൃത്തികൾ, ജനങ്ങൾക്ക് ഏറ്റവുമധികം പ്രയാസമുള്ളതും അത്യാവശ്യമുള്ളതുമായിട്ടുള്ള ചില കരാർ പ്രവൃത്തികൾ നടക്കാതെ വന്നപ്പോൾ ആ കരാർ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുവേണ്ടി ചീഫ് എഞ്ചിനീയർ മുതൽ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥന്മാർക്കും കത്ത് കൊടുത്തു. ഒന്നുകിൽ നിങ്ങൾ ഈ പ്രവൃത്തി ഏറ്റെടുത്ത് ഇവരെ

ക്കൊണ്ട് പൂർത്തീകരിക്കാനുള്ള ഇടപെടൽ നടത്തണം. അതല്ലെങ്കിൽ അവരെ ടെർമിനേറ്റ് ചെയ്യണം. അതിനൊരു ത്രാണിയും കാണിക്കാൻ നമ്മുടെ ഉദ്യോഗസ്ഥർക്ക് സാധിക്കുന്നില്ല എന്ന ദുഖ:കരമായ അവസ്ഥ യാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. രണ്ടും മൂന്നും വർഷംവരെ കരാർ ഏറ്റെടുത്തിട്ട് പ്രവൃത്തി ചെയ്യാതെ കുറെ കഴിയുമ്പോൾ ആ പ്രവൃത്തി ഉപേക്ഷിച്ചുപോകുന്നു. ഇത് ജനങ്ങളോട് കാണിച്ചുകൊണ്ടിരിക്കുന്ന അങ്ങേയറ്റത്തെ ക്രൂരതയാണ്. അതുകൊണ്ട് ഈ രംഗത്തുള്ള പ്രശ്ന ങ്ങൾ പരിഹരിക്കാൻ സാധിക്കണം. എന്റെ മണ്ഡലത്തിലുള്ള മൂന്ന് പ്രവൃത്തികൾ ഒന്ന് എടയാർ ആരച്ചേരി റോഡ്. അത് മട്ടന്നൂർ നിയോജക മണ്ഡലത്തിലാണ്. 10–2–2011–ൽ ടെന്റർ ചെയ്തു. 16–5–2011–ൽ എഗ്രി മെന്റ് വച്ചു. അതിന്റെ പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ല. മറ്റൊരു റോഡ് തൃക്കടേരിപൊയിൽ–ഇടുമ്പ–കണ്ണവം റോഡ് 30–11–2011–ൽ ടെന്റർ ചെയ്തു. 18–12– 2010–ൽ എഗ്രിമെന്റ് വച്ചു. അതിന്റെ പ്രവൃത്തിയും ചെറിയൊരു ശതാമാനമേ ആയിട്ടുള്ളൂ. ഇപ്പോൾ പ്രവൃത്തി നടക്കുന്നില്ല. മറ്റൊരു വലിയപ്രശ്നമെന്നു പറയുന്നത്, ശിവപുരം–മാലൂർ–പേരാവൂർ റോഡാണ്. അവിടെ ജനങ്ങളാകെ ഇളകി ബസ് സർവ്വീസ് നിർത്തിയിരി ക്കുകയാണ്. അത് ഏഴ് കോടിയോളം രൂപയുടെ പ്രവൃത്തിയാണ്. പഴയ മലബാർ പാക്കേജിന്റെ ഭാഗമായി ഭരണാനുമതി ലഭിച്ചതാണ്. ടെന്റർ ചെയ്തു. എഗ്രിമെന്റും വച്ചു. രണ്ടു വർഷത്തിലധികമായി. ഒരു പ്രവൃത്തിയും നടക്കുന്നില്ല. ടെന്റർ ചെയ്തതുപോലെ അങ്ങനെ നിൽക്കു

കയാണ്. ഉദ്യോഗസ്ഥന്മാർ തെക്കും വടക്കും നടക്കുകയാണ്. അവർ കോൺട്രാക്ടർമാർ പറയുന്നതു കേട്ട് അതിന്റെ പിന്നാലെ നടക്കുകയാണ്. ഇത് പ്രവൃത്തിപ്പിക്കാനുള്ള ആർജ്ജവം പൊതുമരാമത്ത് വകുപ്പുമന്ത്രി കാണിക്കുമെന്നാണ് എന്റെ വിശ്വാസം. അദ്ദേഹത്തിനത് കഴിയുമെന്നാണ് എന്റെ വിശ്വാസം. ശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ട് ഈ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാൻ, പൊതുമരാമത്ത് വകുപ്പിനെ ബാധിച്ചിട്ടുള്ള ഇത്തരത്തിലുള്ള സ്ഥിതിയിൽ നിന്ന് മാറ്റിത്തീർക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് ഉന്നയിക്കാനുള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്ര (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>) : സർ, ശ്രീ. ഇ.പി. ജയരാജൻ ഉന്നയിച്ച പ്രശ്നം അദ്ദേഹത്തിന്റെ മണ്ഡലത്തിൽ മാത്രമല്ല സംസ്ഥാനത്തുടനീളമുള്ള ഒരു പ്രശ്നമാണ്. ഇത് കൈകാര്യം ചെയ്യാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. കാരണം, പല കരാറുകാരും വളരെ ജെന്യുൻ അല്ലാത്ത കരാറുകാരെ below quote ചെയ്ത് കരാറെടുക്കുകയും അത് പൂർത്തീകരിക്കാതെ ജനങ്ങളെ കഷ്ടപ്പെടുത്തുകയും ചെയ്യുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് തീർച്ചയായിട്ടും അതിനുള്ള നടപടികൾ സ്വീകരിക്കും അവരുടെ കരാറിനുള്ള ലൈസൻസ് പുതുക്കികൊടുക്കുന്ന സമയത്ത് ഇത് പരിശോധിക്കാനുള്ള തീരുമാനം എടുത്തിട്ടുണ്ട്. ഇപ്പോൾത്തന്നെ പെർഫോമൻസ് നോക്കണമെന്നാണ് നിബന്ധനയെങ്കിലും എഞ്ചിനീ

യർമാർ അത്തരത്തിൽ ശ്രദ്ധിക്കാറില്ല. പെർഫോമൻസ് ഒപ്പിട്ടുകൊടുക്കുന്ന എഞ്ചിനീയർ ശരിയായ രീതിയിൽ വിവരം കൊടുക്കാതെ തെറ്റായ രീതിയിലാണ് കൊടുക്കുന്നതെങ്കിൽ ആ എഞ്ചിനീയറെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്യാൻ നടപടി എടുക്കുന്നതാണ്. അതോടൊപ്പംതന്നെ അദ്ദേഹം ഉന്നയിച്ച ശിവപുരം–മാലൂർ–പേരാവൂർ റോഡ്, എടയാർ–ആലച്ചേരി റോഡ് കണ്ണവം–ഇടുമ്പ തൃക്കടേരിപൊയിൽ – മിത്രമഠം റോഡുകളെ സംബന്ധിച്ച് ഉടനെതന്നെ ബന്ധപ്പെട്ടവരെ വിളിച്ചുവരുത്തി അദ്ദേഹവുമായി ചർച്ച ചെയ്ത് ഇതിന്റെ പണികൾ പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കും.

## ഗർഭിണിയും കുഞ്ഞും മരിച്ച സംഭവം

മി. സ്പീക്കർ : ഈ വിഷയം സംബന്ധിച്ച് ശ്രീ. വി. ശിവൻ കുട്ടിയും നോട്ടീസ് തന്നിട്ടുണ്ട്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ, വാമനപുരം നിയോജകമണ്ഡലത്തിൽ ആനാട് പഞ്ചായത്തിൽ മണ്ഡപം വാർഡിലെ നാഗശ്ശേരി ഇടവാകുന്ന് കുമാരി മന്ദിരത്തിൽ അശോകൻ–രേണുകാദേവി ദമ്പതിമാരുടെ മകൾ 27 വയസ്സുള്ള കീർത്തി ഗർഭിണിയായിരുന്നു. 26/6–ൽ ഈ ഗർഭിണിയായ സ്ത്രീയെയും കൊണ്ട് അമ്മ രേണുകാദേവിയും, ഭർത്താവ് ബിജു സ്ഥലത്തില്ലാത്തതുകൊണ്ട് അനുജൻ ബിനുവുമായി ജഗതിയിലുള്ള ഡോക്ടർ ജയശ്രീയുടെ വീട്ടിൽ പോകുകയും പതിവനുസരിച്ച് കൈകൂലിയൊക്കെ കൊടുക്കുകയും ചെയ്തു. ഡോക്ടർ പറഞ്ഞത്, നിങ്ങളൊരു കാര്യം ചെയ്യണം, ഇപ്പോൾ കഴപ്പമൊന്നുമില്ല,. 30–ാം തീയതി ആശുപത്രിയിൽ വരണമെന്നു പറഞ്ഞു. അങ്ങനെ 30–ാം തീയതി ആശുപത്രിയിൽ ചെന്നപ്പോൾ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത് പരിശോധിക്കുകയും വലിയ കുഴപ്പങ്ങളൊന്നുമില്ലെന്നും എന്നാലും ആശുപത്രിയിൽ കിടക്കട്ടെയെന്ന് പറഞ്ഞു. രണ്ടാം തീയതിയാണ് പ്രസവഡേറ്റ് എന്നു പറഞ്ഞു. രണ്ടാം തീയതി കൊണ്ടുപോയി വീണ്ടും സ്കാൻ ചെയ്ത് നോക്കിയിട്ട് 8–ാം തീയതി നമുക്ക് സിസേറിയൻ ചെയ്യാമെന്നു പറഞ്ഞു. 8–ാം തീയതി ഈ സ്ത്രീയെ ലേബർ റൂമിലേയ്ക്ക്

കൊണ്ടുപോയി. 8–ാം തീയതി 9 മണിക്ക് ലേബർ റൂമിൽ കൊണ്ടു പോയ സ്ത്രീയെ പിന്നെ വെളിയിൽ കാണാനില്ല. ഒരു വിവരവുമില്ല. ഭർത്താവും അമ്മയും, അനിയൻ ബിനുവും എല്ലാവരും വെളിയിൽ കാത്തു നിൽക്കുകയാണ്. രണ്ടു മണിക്ക് കുറെ പോലീസുകാർ അവിടെ വന്നപ്പോൾ ഇവർക്ക് സംശയമായി. ആളുകളെല്ലാം പോലീസിനെ കണ്ട് അമ്പരന്നുപോയി. അതുകഴിഞ്ഞ് മുന്നേമുക്കാൽ മണിയായപ്പോഴാണ് ഹൃദയാഘാതംമൂലം ഈ സ്ത്രീ മരിച്ചുപോയി എന്ന് അറിയുന്നത്. രണ്ടു മണിക്ക് പോലീസുകാർ അവിടെ വന്നു. എന്നിട്ടും വീട്ടുകാരോട് ഒന്നും പറഞ്ഞില്ല. രണ്ടു മണിക്കു മരിച്ച ഈ സ്ത്രീയെ എന്തുകൊണ്ട് മൂന്നേമുക്കാലിന് പോലീസ് വന്നതിനുശേഷവും അറിയിക്കാതിരുന്നത് എന്നതാണ് ദുരൂഹമായി നമ്മൾ കാണുന്നത്. ഡെഡ്ബോഡി മെഡിക്കൽകോളേജ് മോർച്ചറിയിൽ കൊണ്ടുപോകാൻവേണ്ടി ശ്രമിച്ചപ്പോൾ ബന്ധുക്കളും നാട്ടുകാരും സമ്മതിച്ചില്ല. പോലീസുകാർ ഇടപെട്ടു. വലിയ ശ്രമം നടത്തിയിട്ടും അവർ സമ്മതിച്ചില്ല. അതിന്റെ അടിസ്ഥാനത്തിൽ ഫോർട്ട് എ.സി. വരികയും അപ്പോൾ അവർ കേസ് എടുക്കണമെന്നാവശ്യപ്പെടുകയും ചെയ്തു. ഇത് സ്വാഭാവിക മരണമല്ല. അശ്രദ്ധകൊണ്ടുള്ളതാണ്. അശ്രദ്ധകൊണ്ടുള്ളതായതുകൊണ്ട് കേസെടുക്കണമെന്ന് പറഞ്ഞു. എഫ്.ഐ. സ്റ്റേറ്റുമെന്റ് എടുത്തിട്ട് ആർ.ഡി.ഒ. വന്നാൽ മാത്രമേ പോസ്റ്റുമാർട്ടം ചെയ്യാവൂ എന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഡെഡ്ബോഡി വിട്ടുകൊടുത്തത്. ഇത് പലസ്ഥലത്തുമുള്ള ആശുപത്രികളിൽ നടക്കുന്ന

താണ്. ഇതിനെന്താണ് ഒരു പോംവഴി? ഈ സ്ത്രീക്ക് യു.കെ.ജി.-യിൽ പഠിക്കുന്ന അലീന എന്ന ഒരു പെൺകുട്ടിയുണ്ട്. കൊച്ചു കുട്ടിയാണ്. നിർദ്ധന കുടുംബമാണ്. അടിയന്തരമായി സാമ്പത്തിക സഹായം ഇവർക്ക് കൊടുക്കണം. ഇതിനുത്തരവാദികളായ ആളുകളെ അടിയന്തര മായി സസ്പെന്റ് ചെയ്ത് എൻക്വയറി നടത്തി നടപടിയെടുക്കണം. ഇന്നലെ ഞാൻ അവിടെ പോയിരുന്നു. അവരുടെ വീട് വളരെ കഷ്ട മാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) : സർ, തിരുവനന്തപുരം തൈക്കാട് സ്ത്രീകളു ടെയും കുട്ടികളുടെയും ആശുപത്രിയിൽ പ്രസവത്തിനായി പ്രവേശിപ്പിച്ചി രുന്ന ആനാട് കുമാരിസദനത്തിൽ കീർത്തി 09-07-2012-ന് വൈകുന്നേരം 3.15-ന് ആശുപത്രി ലേബർ റൂമിൽ വച്ച് മരണമടഞ്ഞു. (സംഭവം അറി ഞ്ഞയുടൻതന്നെ ആശുപത്രി സൂപ്രണ്ടിനോട് വിശദമായ റിപ്പോർട്ട് ആവ ശ്യപ്പെട്ടു.) അതോടൊപ്പം ആ സമയത്തുതന്നെ ബന്ധുക്കളുമായി സംസാ രിക്കുകയും നിയമപരമായ എല്ലാ നടപടികളും സ്വീകരിക്കുമെന്ന് ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. 30-6-2012-നാണ് കീർത്തിയെ ആശുപത്രി യിൽ പ്രസവത്തിനായി പ്രവേശിപ്പിച്ചത്. ഗർഭാരംഭം മുതൽതന്നെ കീർത്തി യൂണിറ്റ് ചീഫ് ഡോക്ടർ ജയശ്രീയുടെ ചികിത്സയിലായിരുന്നു. കൃത്യമായ ഇടവേളകളിൽ ചെക്കപ്പുകളും നടത്തിവന്നിരുന്നു. നിർദ്ദിഷ്ട പ്രസവ തീയതി 08-07-2012-ന് ആയിരുന്നു. 06-07-2012-ന് സ്കാൻ

ചെയ്യുകയും പരിശോധനാഫലം നോർമലുമായിരുന്നു. 9–7–2012–ന് രാവിലെ 5.00–ന് കീർത്തിയെ പ്രസവമുറിയിൽ പ്രവേശിപ്പിക്കുകയും രാവിലെ 5.30 മുതൽ ഡ്യൂട്ടി ഗൈനക്കോളജിസ്റ്റിന്റെ സാന്നിദ്ധ്യത്തിൽ പ്രസവ വേദനയ്ക്കായുള്ള മരുന്ന് നൽകുകയ്യും ചെയ്തു. കൃത്യമായ ഇടവേളകളിൽ ഡ്യൂട്ടി ഗൈനക്കോളജിസ്റ്റ് കീർത്തിയെ പരിശോധിക്കുകയും യാതൊരു അസ്വാഭാവിക ലക്ഷണങ്ങളും ഗർഭിണിയിൽ കാണുകയുമുണ്ടായില്ല. തുടക്കം മുതൽ ചികിത്സിച്ചിരുന്ന യൂണിറ്റ് ചീഫ് ആയ ഡോ: ജയശ്രീ ഉച്ചയ്ക്ക് 12.30–ന് നടത്തിയ പരിശോധനയിൽ പ്രസവവേദന തുടങ്ങിയതായി രേഖപ്പെടുത്തിയിരുന്നു. എന്നാൽ, ഉച്ചയ്ക്ക് 2.20–ഓടെ രോഗിക്ക് ഫിറ്റ്സ് (ജന്നി) വരികയും അബോധാവസ്ഥയിലാകുകയും ചെയ്തു. ആ സമയത്ത് രോഗിയുടെ ഹൃദയമിടിപ്പ് കൂടുകയും പ്രഷർ കുറഞ്ഞ് ശ്വാസതടസ്സം അനുഭവപ്പെടുകയും ചെയ്തു. ഉടനെ അടിയന്തര വിദഗ്ദ്ധ ചികിത്സ നൽകിയെങ്കിലും ഹൃദയാഘാതത്തെ തുടർന്ന് കീർത്തി മരണപ്പെടുകയാണുണ്ടായതെന്നാണ് പ്രാഥമിക റിപ്പോർട്ട്. പോസ്റ്റ്മാർട്ടം റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ യഥാർത്ഥ മരണകാരണം അറിയാൻ സാധിക്കുകയുള്ളു. മരണമടഞ്ഞ കീർത്തിയുടെ ഭർതൃസഹോദരൻ ശ്രീ. ബിനുകുമാറിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ തമ്പാനൂർ പോലീസ് മൊഴി രേഖപ്പെടുത്തി സി.ആർ.പി.സി. 174 അനുസരിച്ച് അസ്വാഭാവിക മരണത്തിന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആർ.ഡി.ഒ.–യുടെ നേതൃത്വത്തിൽ ഇൻക്വസ്റ്റ് തയ്യാറാക്കി ഇന്ന്

പോസ്റ്റ്മാർട്ടം നടത്തുന്നതാണ്. ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പോസ്റ്റുമാർട്ടം റിപ്പോർട്ട്, അന്വേഷണ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ചികിത്സാ പിഴവുണ്ടെന്ന് കാണുന്ന പക്ഷം കുറ്റക്കാരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. ധനസഹായത്തെക്കുറിച്ച് മുഖ്യമന്ത്രിയുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്.

(മേശപ്പുറത്തുവച്ച കടലാസ്സുകൾ)

* * * * * * * * * * * * * * *